**PUNNAYURKULAM WELFARE COMMITTEE**
**പുന്നയൂർക്കുളം വെൽഫെയർ കമ്മറ്റി**

Regst No.605/11

# മെമ്പേർസ് അടിയന്തിര സഹായ പദ്ധതി

<table>
<tr><td>NAME</td><td colspan="5"></td></tr>
<tr><td>MAHALLU</td><td colspan="2"></td><td>ACCOUNT NO.</td><td colspan="2"></td></tr>
<tr><td>GUARANTOR'S NAME</td><td colspan="2"></td><td>SIGNATURE</td><td colspan="2"></td></tr>
<tr><td colspan="6">അടിയന്തിര സഹായ പദ്ധതി പ്രകാരം എനിക്ക് അനുവദിച്ച തുക കമ്മറ്റിയുടെ നിയമാവലി പ്രകാരം ഞാൻ തിരിച്ചടക്കുമെന്ന് ഉറപ്പ് നൽകുന്നു</td></tr>
<tr><td>QR 2500/- RECEIVED</td><td>SIGNATURE</td><td></td><td>DATE</td><td colspan="2"></td></tr>
</table>

**Approved by**

**President** **Secretary** **Treasurer**

അംഗങ്ങൾക്കായി കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന സഹായ ഫണ്ട്

ലക്ഷ്യം അംഗങ്ങളിൽ ആർക്കെങ്കിലും അസുഖം മൂലം നാട്ടിലേക്ക് പോകേണ്ടി വരികയാണെങ്കിൽ സാമ്പത്തിക സഹായം നൽകുക.

പുന്നയൂർക്കുളം വെൽഫെയർ കമ്മറ്റിയിലെ എല്ലാ മെമ്പർമാർക്കും വളരെ അടിയന്തിരഘട്ടങ്ങളിൽ (മതാപിതാക്കൾ, ഭാര്യ, മക്കൾ, സ്വന്തം സഹോദരീസഹോദരന്മാർ, ഭാര്യയുടെ മാതാപിതാക്കൾ എന്നിവർക്ക് ആർക്കെങ്കിലും അസുഖമോ മരണമോ സംഭവിച്ചാൽ) കടമായി സാമ്പത്തിക സഹായം നൽകുക.

ഫണ്ട് സമാഹരണം. കമ്മറ്റി നടത്തുന്ന കുറി പദ്ധതിയിൽ നിന്ന് അധികം ലഭിക്കുന്ന 5 റിയാൽ സമാഹരിച്ചുള്ള ഫണ്ടിൽ നിന്നുമായിരിക്കും തുക കടമായി നൽകുക. ഈ പദ്ധതിയിലെ ഫണ്ട് വർദ്ധിപ്പിക്കുന്നതിനായി പ്രത്യേകമായ പരിപാടികളിലൂടെ ഫണ്ട് സമാഹരിക്കും.

ഫണ്ടിന് അപേക്ഷിക്കാവുന്ന മാനദണ്ഡങ്ങൾ 2500 ഖത്തർ റിയാലാണ് സഹായധനമായി അപേക്ഷകന് നൽകുക ഗഡുക്കളായി തിരിച്ചടക്കനുള്ള വ്യസ്ഥയിൽ കടമായിട്ടായിരിക്കും സഹായം നൽകുക.

കമ്മറ്റിയിലെ എല്ലാ അംഗങ്ങൾക്കും അവരുടെ അടുത്ത ബന്ധുക്കൾ മരണപ്പെടുകയോ പെട്ടെന്നുള്ള രോഗ വിവരം കൊണ്ടോ നാട്ടിലേക്ക് പോകേണ്ടി വരുമ്പോൾ ആവശ്യമെങ്കിൽ കമ്മറ്റിയിൽ നിന്നും സഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

1500 ഖത്തർ റിയാലിൽ താഴെ മാസവരുമാനമുള്ള മെമ്പർമാർ സഹായധന തിരിച്ചടവ് ഒരു വർഷത്തിനുള്ളിൽ മൊത്തമായോ ഗഡുക്കളായോ തിരിച്ചടക്കേണ്ടതാണ്.

1500 ഖത്തർ റിയാലിൽ കൂടുതൽ മാസവരുമാനമുള്ള കമ്മറ്റിയിലെ എല്ലാ അംഗങ്ങൾക്കും കൊടുക്കുന്ന സഹായധന തിരിച്ചടവ് 6 മാസത്തിനുള്ളിൽ മൊത്തമായോ ഗഡുക്കളായോ തിരിച്ചടക്കേണ്ടതാണ്.

രണ്ട് വർഷത്തിലൊരിക്കൽ മാത്രമേ സഹായധനം അനുവദിക്കുകയുള്ളൂ എന്നാൽ വളരെ അടിയന്തിരസ്വഭാവമുള്ള അപേക്ഷകളിൽ അടിയന്തിര യോഗം ചേർന്ന് തീരുമാനമെടുക്കാവുന്നതാണ്.

മാസവരിസംഖ്യയിലോ, കമ്മറ്റിയിലെ മറ്റു ഫണ്ടുകളിലോ വീഴ്ച്ച വരുത്തുന്ന അംഗങ്ങളുടെ സഹായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

കമ്മറ്റിയുടെ ഒരു വർഷത്തെ യോഗങ്ങളിൽ 6 മാസമെങ്കിലും ഹാജറുള്ള മെമ്പർമാരുടെ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

സഹായധനം കൊടുക്കുന്ന ഖത്തർ റിയാലിന് ഗ്യാരണ്ടർ ആയി വെൽഫെയർ കമ്മറ്റിയിലെ ഒരു അംഗത്തിനെ ചുമതലപ്പെടുത്തേണ്ടതാണ്.

വീഴ്ച്ച വരുത്തുന്ന മെമ്പർമാരുടെ അപേക്ഷകൾ പിന്നീട് പരിഗണിക്കുന്നതല്ല.

തീരുമാനങ്ങൾ സഹായധന തീരുമാനം ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കും. എന്നാൽ ശേഷം വരുന്ന മാസയോഗങ്ങളിൽ അംഗങ്ങളെ അറിയിക്കുന്നതാണ്.

അടിയന്തിര സ്വഭാവമുള്ള അപേക്ഷകളിൽ പ്രസിഡൻറിന് തീരുമാനമെടുക്കാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.